പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 943 — 12.6.2013 ലെ മറുപടിയ്ക്ക്

## കെ.ടി.ഡി.സി.യുടെ ലാഭ നഷ്ട കണക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി | ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |

എ) കെ.ടി.ഡി.സി.യുടെ കഴിഞ്ഞ പത്തു വർഷത്തെ ലാഭനഷ്ട കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

എ)

| വർഷം | ലാഭം / നഷ്ടം |
|---|---|
| 2002-2003 | (-)468.41 |
| 2003-2004 | (-)415.88 |
| 2004-2005 | (-)536.73 |
| 2005-2006 | (-)283.16 |
| 2006-2007 | 38.45 |
| 2007-2008 | 46.37 |
| 2008-2009 | 45.68 |
| 2009-2010 | 26.67 |
| 2010-2011 | 57.04 |
| 2011-2012 | (-)70.08 |
| 2012-2013 | 100.15 ലക്ഷം (ആഡിറ്റ് കഴിഞ്ഞിട്ടില്ല) |

ബി) 2013-14 സാമ്പത്തിക വർഷം കെ.ടി.ഡി.സി. പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; എന്ത് തുക ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നു; എന്തു തുക കടം എടുക്കാനുദ്ദേശിക്കുന്നു ;

ബി) 2013-14 സാമ്പത്തിക വർഷം കൊച്ചിയിൽ ഒരു മതമൈത്രി ടൂർ പദ്ധതി തുടങ്ങാനുദ്ദേശിക്കുന്നു. ഇതിന് 150 ലക്ഷം രൂപ ചെലവ് വരും. തേക്കടിയിൽ പെരിയാർ തടാകത്തിൽ 120 സീറ്റുകളുള്ള രണ്ടു ബോട്ടുകളും 40 സീറ്റുകളുളള ഒരു ബോട്ടും ഈ വർഷം തന്നെ ഇറക്കുന്നതാണ്. അതിനായി 300 ലക്ഷം രൂപ ചിലവ് പ്രതീക്ഷിക്കുന്നു. കൂടാതെ മുഴപ്പിലങ്ങാട് 350 ലക്ഷം രൂപ ചിലവിൽ ഒരു ബഡ്ജറ്റ് ഹോട്ടലും ബേക്കലിൽ 250 ലക്ഷം രൂപ ചിലവിൽ ഒരു കൺവെൻഷൻ സെന്ററും തുടങ്ങാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ ക്കെല്ലാമായി കെ.ടി.ഡി.സിയ്ക്കുള്ള സർക്കാർ ധനസഹായമൊഴിച്ചുള്ള 180 ലക്ഷം രൂപ കടമെടുക്കാൻ ഉദ്ദേശിക്കുന്നു.

സി) കെ.ടി.ഡി.സി.യുടെ ഇപ്പോഴത്തെ കടം എത്രയാണ് ; മുൻ സർക്കാരിന്റെ കാലത്ത് തുടക്കം

സി) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ടേം ലോണിനത്തിൽ 1337 ലക്ഷം രൂപയും ഓവർഡ്രാഫ്റ്റിൽ 157 ലക്ഷം രൂപയും കടമുണ്ടായിരുന്നു. മുൻ

| | | | |
|---|---|---|---|
| | കറിച്ച എന്തെല്ലാം പദ്ധതികൾ ഇതിനകം പൂർത്തിയായിട്ടുണ്ട് ; അവശേഷിക്കുന്നവ ഏതൊക്കെ; | | സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച കേരളാ ഹൗസ്, ചെന്നൈ പൂർത്തിയായി വിപണനത്തിന് തയ്യാറായിട്ടുണ്ട്. ബേക്കൽ ബീച്ച് റിസോർട്ട്, മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ട്, ബോൾഗാട്ടി കൺവെൻഷൻ സെന്റർ എന്നിവ അവശേഷിക്കുന്നുണ്ട്. |
| ഡി) | കെ.ടി.ഡി.സി.യുടെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; അതിനായി എന്തു തുക അനുവദിക്കുകയുണ്ടായി? | ഡി) | ഈ വർഷം സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി 1550 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സർക്കാരിൽ നിന്നും 650 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ